**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3865** | **15-07-2022 - ൽ മറുപടിയ്ക്ക്**

**ആശുപത്രികൾക്ക് ആംബുലൻസ് അനുവദിക്കാൻ നടപടി**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ഡോ. എൻ. ജയരാജ്</td><td colspan="2">ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>കാഞ്ഞിരപ്പള്ളി നിയോജമണ്ഡലത്തിലെ ഏതൊക്കെ ആശുപത്രികളിൽ ആംബുലൻസ് സൗകര്യം ലഭ്യമാണെന്ന് വിശദമാക്കാമോ;</td><td>(എ)</td><td>കാഞ്ഞിരപ്പള്ളി താലൂക്ക് ആസ്ഥാന ആശുപത്രി, സാമൂഹികാരോഗ്യ കേന്ദ്രം ഇടയിരിക്കപ്പുഴ എന്നിവിടങ്ങളിൽ പേഷ്യന്റ് ഷിഫ്റ്റിംഗിനുള്ള ആംബുലൻസ് സൗകര്യവും വാഴൂർ കുടുംബാരോഗ്യ കേന്ദ്രം, നെടുങ്കുന്നം കുടുംബാരോഗ്യ കേന്ദ്രം എന്നിവിടങ്ങളിൽ പാലിയേറ്റീവ് കെയർ ആംബുലൻസ് സൗകര്യവും ലഭ്യമാണ്.<br><br>കൂടാതെ കാഞ്ഞിരപ്പള്ളി താലൂക്ക് ആശുപത്രിയിൽ 24 മണിക്കൂറും ,വാഴൂർ കുടുംബാരോഗ്യ കേന്ദ്രത്തിൽ 12 മണിക്കൂറും കനിവ് 108 ആംബുലൻസുകളുടെ സേവനവും ലഭ്യമാണ്.</td></tr>
<tr><td>(ബി)</td><td>എം.എൽ.എ. ഫണ്ട്, എം.പി. ഫണ്ട്, സർക്കാർ ഫണ്ട് എന്നിവയിലൂടെ ആംബുലൻസ് സൗകര്യം ലഭ്യമാക്കിയവ ഇനം തിരിച്ച് അറിയിക്കാമോ;</td><td>(ബി)</td><td>
<table>
<tr><th>ക്രമ നമ്പർ</th><th>സ്ഥാപനം</th><th>എംഎൽ.എ. ഫണ്ട്</th><th>എം.പി.ഫണ്ട്</th><th>സർക്കാർ ഫണ്ട്</th></tr>
<tr><td>1</td><td>കാഞ്ഞിരപ്പള്ളി താലൂക്ക് ആശുപത്രി</td><td>2</td><td>1</td><td>-</td></tr>
<tr><td>2</td><td>സാമൂഹികാരോഗ്യ കേന്ദ്രം ഇടയിരിക്കപ്പുഴ</td><td>1</td><td>-</td><td>-</td></tr>
<tr><td>3</td><td>കുടുംബാരോഗ്യ കേന്ദ്രം വാഴൂർ</td><td>-</td><td>-</td><td>1<br><br>(ഗ്രാമപഞ്ചാത്ത് പാലിയേറ്റീവ് കെയറിന നൽകിയത്)</td></tr>
<tr><td>4</td><td>കുടുംബാരോഗ്യ കേന്ദ്രം നെടുങ്കുന്നം</td><td>-</td><td>1</td><td>-</td></tr>
</table>
</td></tr>
<tr><td>(സി)</td><td>കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിൽ ആംബുലൻസ് സൗകര്യം ലഭ്യമല്ലാത്ത സർക്കാർ ആശുപത്രികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ; അവിടെ ആംബുലൻസ് ലഭ്യമാക്കാൻ തുക അനുവദിക്കാമോ?</td><td>(സി)</td><td>കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിൽ ആംബുലൻസ് സൗകര്യം ലഭ്യമല്ലാത്ത സർക്കാർ ആശുപത്രികൾ<br><br>1. സാമൂഹികാരോഗ്യ കേന്ദ്രം കറുകച്ചാൽ<br><br>2. പ്രാഥമികാരോഗ്യ കേന്ദ്രം പള്ളിക്കത്തോട്<br><br>3. പ്രാഥമികാരോഗ്യ കേന്ദ്രം കാളകെട്ടി<br><br>4. സാമൂഹികാരോഗ്യ കേന്ദ്രം വെള്ളാവൂർ<br><br>5. കുടുബാരോഗ്യ കേന്ദ്രം മണിമല<br><br>6.സാമൂഹികാരോഗ്യ കേന്ദ്രം കുറിക്കാട്ടൂർ<br><br>ഇവിടെങ്ങളിൽ ആംബുലൻസ് നൽകുന്ന കാര്യം നിലവിൽ സർക്കാരിന്റെ പരിഗണനയിൽ ഇല്ല.</td></tr>
</table>

സെക്ഷൻ ഓഫീസർ